## കേരള സർക്കാർ

നം. 66023/ഡിഎ1/11/തസ്വഭവ.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്,
തിരുവനന്തപുരം, തീയതി.01.12.11.

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി .

എല്ലാ ജില്ലാ ആസൂത്രണസമിതി
മെമ്പർ സെക്രട്ടറിമാർക്കും

സർ,

വിഷയം:-ആശ്രയ അഗതി പുനഃരധിവാസ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്

സൂചന:-കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.10.11-ലെ കെ.എസ്/എൽ/2346/2009 നമ്പർ കത്ത്.

സംസ്ഥാനത്ത് 2003 മുതൽ നടപ്പാക്കി വരുന്ന അഗതി പുനഃരധിവാസ പദ്ധതിയായ ആശ്രയ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാനത്തെ ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപടികൾ ആരംഭിക്കുകയുണ്ടായി എന്നാൽ ചില തദ്ദേശസ്ഥാപനങ്ങൾ ആശ്രയ പദ്ധതി നടപ്പിലാക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അടിയന്തിരമായി നിർദ്ദേശം നൽകിയിരുന്നെങ്കിലും ഇനിയും 49 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി സൂചന കത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലാ ആസൂത്രണ സമിതികൾ ചുവടെ പറയുന്ന കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

(1) നടപ്പു സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കർമ്മ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയും കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ പരിശോധനാ റിപ്പോർട്ടും അടങ്ങിയ ആശ്രയ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയതായി ഉറപ്പു വരുത്തേണ്ടതാണ്.

(2) ആശ്രയ പദ്ധതിക്കായി തുക വകയിരുത്തി പദ്ധതി നടപ്പാക്കലിന് അംഗീകാരം വാങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആശ്രയ പദ്ധതിക്കുള്ള പ്രോജക്ട് തയ്യാറാക്കിയില്ലായെങ്കിൽ അടുത്ത ഗഡു ധനസഹായം നൽകുന്നത് തടയേണ്ടതാണ്.

വിശ്വസ്തതയോടെ,
ജെയിംസ് വർഗ്ഗീസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്:-പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം, തിരുവനന്തപുരം